## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 618 06.02.2013 ലെ മറുപടിയ്ക്ക്

## വില്പന നികുതി ഇനത്തിൽ ലഭിച്ച വരുമാനം

**ചോദ്യം**

ശ്രീ. എളമരം കരീം

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) 2011-2012 സാമ്പത്തിക വർഷം സ്വർണ്ണം, മദ്യം, കോഴി എന്നീ ഇനങ്ങളിൽ വിൽപന നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വിശദമാക്കാമോ;

(എ) 2011-2012 സാമ്പത്തിക വർഷം സ്വർണ്ണത്തിൽ നിന്നും 302.20 കോടി രൂപയും മദ്യത്തിൽനിന്ന് 4740.73 കോടി രൂപയും കോഴിയിൽ നിന്ന് 93.06 കോടി രൂപയും വിൽപന നികുതിയിനത്തിൽ ലഭിച്ചു.

(ബി) ഓരോ ഇനത്തിനും നടപ്പ് വർഷം ടാർജറ്റ് ചെയ്ത തുക എത്രവീതമായിരുന്നു;

(ബി) നടപ്പ് സാമ്പത്തികവർഷം സ്വർണ്ണം, മദ്യം, കോഴി എന്നിവ ഉൾപ്പെടെ വാണിജ്യനികുതി വകുപ്പിൽ ടാർജറ്റ് ചെയ്തിരിക്കുന്നത് 23466.50 കോടി രൂപയാണ്. സ്വർണ്ണം, മദ്യം, കോഴി എന്നിവയ്ക്ക് പ്രത്യേകമായി ടാർജറ്റ് ചെയ്തിട്ടില്ല.

(സി) മുൻ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയാണ് പ്രതീക്ഷിച്ചിരുന്നത്; ഓരോ ഇനത്തിലും എത്ര ശതമാനം വർദ്ധനയാണുണ്ടായത്; വ്യക്തമാക്കുമോ?

(സി) നടപ്പ് സാമ്പത്തിക വർഷം 22 ശതമാനം വർദ്ധനവാണ് വാണിജ്യ നികുതി വകുപ്പിൽ പ്രതീക്ഷിക്കുന്നത്. സ്വർണ്ണം, മദ്യം, കോഴി എന്നിവയിൽ നിന്നും 31-12-2012 വരെ ലഭിച്ച വർദ്ധനവ് ചുവടെ ചേർക്കുന്നു.

| ഇനം | വർദ്ധനവ് ശതമാനത്തിൽ |
|---|---|
| സ്വർണ്ണം | 33 |
| മദ്യം | 19 |
| കോഴി | 13 |

സെക്ഷൻ ഓഫീസർ